വിശകലനം

# ഇറാനിയൻ പരിഷ്കരണവാദികളുടെ മറുപുറം

ഫഹ്മീ ഹുവൈദി

**തെരഞ്ഞെടുപ്പിൽ തോറ്റ കക്ഷി കൃത്രിമം നടന്നു എന്നു പറഞ്ഞ് ബഹളം കൂട്ടുക ഒരു കീഴ്‌വഴക്കം പോലെ ആയിട്ടുണ്ട്. അതിനാൽ ഇത്തരം ആരോപണങ്ങൾക്ക് ഒരു നിഷ്പക്ഷ കക്ഷിയിൽനിന്ന് സ്ഥിരീകരണം ആവശ്യമുണ്ട്. കൃത്രിമം നടന്നിട്ടുണ്ട് എന്ന് തെളിഞ്ഞാൽ അത് വിപ്ലവ ഭരണകൂടത്തിന്റെ ധാർമികതയെ നന്നായി ക്ഷതപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.**

**ഇറാനിലെ** പ്രസിഡന്റ് തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ വിവാദങ്ങൾ ആ രാഷ്ട്രത്തെ എവിടെ കൊണ്ടെത്തിക്കുമെന്ന പ്രവചനം ഇപ്പോഴും അസാധ്യമാണ്. എങ്കിലും ചില നിരീക്ഷണങ്ങൾ പ്രസക്തമാണെന്ന് തോന്നുന്നു.

ഒന്ന്, ഇറാനിലെ ഇസ്‌ലാമിക വിപ്ലവം അതിന്റെ ചരിത്രത്തിലെ ഏറ്റവും നിർണായകമായ ഒരു ദശാസന്ധിയിൽ എത്തിപ്പെട്ടിരിക്കുന്നു. മുമ്പൊന്നുമില്ലാത്ത വിധം രൂക്ഷമായാണ് വൻ നഗരങ്ങളിൽ രോഷവും പ്രതിഷേധവും അണപൊട്ടിയൊഴുകിയത്. ദരിദ്രരും ഗ്രാമീണരും കൂട്ടത്തോടെ അഹ്മദീ നിജാദിന് വോട്ട് നൽകി എന്നും, വൻ നഗരങ്ങളിലെ സമ്പന്നരും യുവാക്കളും സ്ത്രീകളും സാംസ്കാരിക പ്രവർത്തകരും ഗണ്യമായ തോതിൽ മീർ ഹുസൈൻ മൂസവിയെ പിന്തുണച്ചു എന്നുമാണ് തെരഞ്ഞെടുപ്പ് ഫലം നൽകുന്ന സൂചന. വർഗവിഭജനങ്ങളെ അപ്രസക്തമാക്കുന്ന ഒരു പിളർപ്പാണ് പിന്നീട് ഇറാനിയൻ സമൂഹത്തിൽ കാണാനായത്. മതനേതൃത്വം പോലും രണ്ട് തട്ടിലായി. തെഹ്റാനിലെ എന്റെ പരിചയക്കാരായ നിരീക്ഷകർ പറയുന്നത് പ്രതിസന്ധി ഇനിയും രൂക്ഷമായേക്കുമെന്നാണ്. തെരഞ്ഞെടുപ്പിന് ശേഷമുള്ള വെള്ളിയാഴ്ച പരമോന്നത ആത്മീയ നേതാവ് അലീ ഖാംനഈ ചെയ്ത

പ്രസംഗത്തിൽ തെരഞ്ഞെടുപ്പ് സംശുദ്ധമായിരുന്നുവെന്നും കൃത്രിമത്വം നടന്നിട്ടില്ലെന്നും തറപ്പിച്ചു പറയുകയുണ്ടായി. ഇതിനെ ഒരു നിഷ്പക്ഷമതിയുടെ വിധിപ്രസ്താവമായല്ല, പ്രശ്നത്തിൽ കക്ഷിചേർന്ന ഒരാളുടെ പക്ഷംപിടിക്കലായാണ് പരിഷ്കരണവാദികൾ കാണുന്നത്. അതിനാൽ ഖാംനഈക്കെതിരെ അവർ നിലപാട് ശക്തമാക്കിയിട്ടുണ്ട്. പരമോന്നത മതാധ്യക്ഷനാവാൻ അദ്ദേഹം യോഗ്യനാണോ എന്ന ചോദ്യമാണ് അവർ ഉയർത്തുന്നത്. നിജാദിനെ വിട്ട് അവരുടെ മുഖ്യ ഉന്നം ഖാംനഈ ആയി മാറിക്കഴിഞ്ഞു. എങ്കിലും മത നേതൃത്വത്തിൽ രഞ്ജിപ്പിനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഖാംനഈയുടെ പ്രസംഗത്തിൽ റഫ്സഞ്ചാനിയെ പുകഴ്ത്തുന്ന പരാമർശം അതിന്റെ ഭാഗമാണ്. റഫ്സഞ്ചാനിയെ തൃപ്തിപ്പെടുത്തുന്നതിനായിരുന്നു അതെന്ന് വ്യക്തം. റഫ്സഞ്ചാനിക്കും മക്കൾക്കുമെതിരെ നിജാദ് അഴിമതി ആരോപണങ്ങൾ ഉന്നയിച്ച പശ്ചാത്തലത്തിലാണ് ഈ പരാമർശമെന്നതും ശ്രദ്ധേയം.

രണ്ട്, തെരഞ്ഞെടുപ്പിൽ തോറ്റ കക്ഷി കൃത്രിമം നടന്നു എന്നു പറഞ്ഞ് ബഹളം കൂട്ടുക ഒരു കീഴ്വഴക്കം പോലെ ആയിട്ടുണ്ട്. അതിനാൽ ഇത്തരം ആരോപണങ്ങൾക്ക് ഒരു നിഷ്പക്ഷ കക്ഷിയിൽനിന്ന് സ്ഥിരീകരണം ആവശ്യമുണ്ട്. കൃത്രിമം നടന്നിട്ടുണ്ട് എന്ന് തെളിഞ്ഞാൽ അത് വിപ്ലവ ഭരണകൂടത്തിന്റെ ധാർമികതയെ നന്നായി ക്ഷതപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ അറബ് നാടുകളേക്കാൾ എന്തുകൊണ്ടും ഭേദമാണ് അവിടത്തെ സ്ഥിതി എന്ന് പറയേണ്ടിവരും. ആഴ്ചകളായി ഇറാനിയൻ പ്രതിപക്ഷം തെരുവിലിറങ്ങി പ്രക്ഷോഭം നടത്തുന്നു, പോലീസുമായി ഏറ്റുമുട്ടുന്നു. എല്ലാം കൃത്രിമം നടന്നു എന്ന് വാദിക്കപ്പെട്ടതിന്റെ പേരിൽ. എന്നാൽ അറബ് ലോകത്തിന്റെ സ്ഥിതിയോ? അവിടെ ഒരു പ്രാദേശിക കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പാണെങ്കിലും കൃത്രിമം നടന്നിരിക്കണമെന്നത് ഒരു നിയമാവലി പോലെയാണ് പാലിക്കപ്പെട്ടുപോരുന്നത്. പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ കാര്യം പിന്നെ പറയാനുമില്ല. ചില അറബ് നാടുകളിൽ കൃത്രിമം നടന്നതിനെ അനുകൂലിക്കുന്ന കോടതിവിധികൾ പോലുമുണ്ടായിട്ടുണ്ട്. ജനം എല്ലാം കണ്ടിട്ടും ഒന്നും കണ്ടില്ലെന്ന് നടിച്ച് 'ക്ഷമാലുക്കളായി' കഴിയുന്നു. ഇറാനിലെ തെരഞ്ഞെടുപ്പ് പ്രക്രിയ

**'വളരെ മിതവാദപരമായ' നിലപാടുള്ള പരിഷ്കരണവാദികൾ പറയുന്നത് ഇതാണ്: മേഖലയിൽ പുരോഗമന ദേശീയതയുള്ള, ഭാവി സാധ്യതകളുള്ള രണ്ട് രാഷ്ട്രങ്ങളേയുള്ളൂ, അത് ഇറാനും ഇസ്രയേലുമാണ്. അതിനാൽ ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുകയാണ് മേഖലയെ പിന്നാക്കാവസ്ഥയിൽനിന്ന് മോചിപ്പിക്കാനുള്ള പോംവഴി.**

വൈകല്യങ്ങളില്ലാത്തതാണ് എന്ന് പറയുകയല്ല. തീർച്ചയായും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ആദ്യഘട്ടത്തിൽ ഒരുപാട് വൈകല്യങ്ങളുണ്ട്. ഇറാനിലെ ഭരണഘടനാ സംരക്ഷണ സമിതി ചിലർക്ക് മാത്രം മത്സരിക്കാൻ അനുവാദം നൽകുന്നു. ചിലരുടെ പേരുകൾ വെട്ടിമാറ്റുന്നു. പക്ഷേ പിന്നീടുള്ള ഘട്ടം താരതമ്യേന സംശുദ്ധമാണെന്ന് പറയാം. സ്ഥാനാർഥികൾ നിശിതമായ ആക്രമണ പ്രത്യാക്രമണങ്ങളുമായി പ്രചാരണം നടത്തുന്നു. ടി.വി ചാനലുകൾ ഓരോ സ്ഥാനാർഥിയുടെയും നിലപാടുകൾ ജനങ്ങളിലെത്തിക്കുന്നു. തെരഞ്ഞെടുപ്പ് ആസന്നമാവുമ്പോഴേക്കും പക്വമായ ഒരു തീരുമാനത്തിലെത്താൻ ഓരോ സമ്മതിദായകനും പ്രാപ്തനായി കഴിഞ്ഞിട്ടുണ്ടാവും.

മൂന്ന്, അറബി ചാനലുകളും പത്രങ്ങളും പരിശോധിച്ചാൽ അവ ഇറാനിയൻ ഭരണവ്യവസ്ഥയെ അധിക്ഷേപിക്കുകയും അതിനെതിരെ പ്രക്ഷോഭം നടത്താൻ പ്രേരണ നൽകുകയും ചെയ്യുന്നതായാണ് കാണാൻ കഴിയുക. ഇതിൽ ഭയങ്കരമായ ഒരു വൈരുധ്യമുണ്ട്. ഈ ചാനലുകളും പത്രങ്ങളും പ്രവർത്തിക്കുന്ന മിക്ക നാടുകളിലും പാർലമെന്റ് തെരഞ്ഞെടുപ്പോ പ്രസിഡന്റ് തെരഞ്ഞെടുപ്പോ പേരിനു പോലും നടക്കുന്നില്ല. മറ്റു ചില അറബ് നാടുകളുടെ നിലപാട് ജനാധിപത്യത്തോടോ ജനകീയ വികാരങ്ങളോടോ ഉള്ള പ്രേമം കൊണ്ടാണെന്നും പറയാനാവില്ല. രാഷ്ട്രീയമോ മതപരമോ ആയ കണക്ക് തീർക്കലുകളാണ് അവിടെ നടക്കുന്നത്. ജനാധിപത്യത്തിന്റെ ഈ കുളിപ്പുരയിൽ എല്ലാവരും നഗ്നരായി നിൽക്കുന്നു.

പണപ്പെരുപ്പം പോലുള്ള ഇറാന്റെ ആഭ്യന്തര കാര്യങ്ങളിൽ അറബ് ഭരണകൂടങ്ങൾക്കോ മാധ്യമങ്ങൾക്കോ താൽപര്യമുണ്ടാവേണ്ട കാര്യമില്ല. അവർക്ക് പ്രശ്നം ഇറാന്റെ വിദേശനയം തന്നെയാണ്. ഹോളോകാസ്റ്റ് പോലുള്ള വിവാദങ്ങൾ അനവസരത്തിൽ കുത്തിപ്പൊക്കി ഇറാനെ ലോകരാഷ്ട്രങ്ങളിൽനിന്ന് നിജാദ് ഒറ്റപ്പെടുത്തി എന്ന പരിഷ്കരണവാദികളുടെ ആരോപണത്തെ അതേപടി ഏറ്റുപിടിക്കുകയാണ് അറബ് മീഡിയ ചെയ്തത്. നിജാദ് അറബികളോട് മൃദുസമീപനം സ്വീകരിക്കുന്നു എന്ന ആരോപണവും പരിഷ്കരണവാദികൾ ഉയർത്തിയിരുന്നു. അത് പക്ഷേ അറബ് മീഡിയ കണ്ടില്ലെന്ന് നടിച്ചു. യു.എ.ഇ സന്ദർശിച്ച ആദ്യത്തെ ഇറാൻ പ്രസിഡന്റാണ് നിജാദ്. ദോഹയിൽ ചേർന്ന ഗൾഫ് സഹകരണ കൗൺസിൽ സമ്മേളനത്തിലും അദ്ദേഹം പങ്കുകൊണ്ടു. ഇതിന്റെയെല്ലാം പേരിൽ പരിഷ്കരണവാദികൾ നിജാദിനെ പ്രതിക്കൂട്ടിൽ നിർത്തിയിരുന്നു.

അറബ്-ഇസ്രയേൽ സംഘർഷത്തിൽ പരിഷ്കരണവാദികളുടെ നിലപാടും പരിശോധിക്കേണ്ടതുണ്ട്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അത് 'മിതവാദപരം' ആണ്. അക്കാര്യത്തിൽ 'വളരെ മിതവാദപര'മായ നിലപാടെടുക്കണമെന്ന് പറയുന്ന പരിഷ്കരണവാദികളും ഉണ്ട്. 'ആദ്യം ഇറാൻ' എന്ന മുദ്രാവാക്യമാണ് അവർ ഉയർത്തിയത്. ഹിസ്ബുല്ലക്കും ഹമാസിനും മറ്റും ഇറാൻ നൽകുന്ന സഹായങ്ങൾ ഇറാനികളുടെ പൊതുമുതൽ ധൂർത്തടിക്കലാണ് എന്നത്രെ ഇവരുടെ കാഴ്ചപ്പാട്. ഫലസ്തീൻ പ്രശ്നത്തിൽനിന്ന് തലയൂരണമെന്നും അമേരിക്കയുടെ നേതൃത്വത്തിൽ നടന്നുവരുന്ന സന്ധിസംഭാഷണങ്ങളെ പിന്തുണക്കണമെന്നും അവർ ധ്വനിപ്പിക്കുന്നു. അവരുടെ ന്യായം വളരെ ലളിതാണ്: ഇറാൻ ഒരു അറബ് രാഷ്ട്രമല്ല. അതിനാൽ അറബ് പ്രശ്നങ്ങളിൽ അറബികൾക്കില്ലാത്ത താൽപര്യം ഇറാന് ഉണ്ടാവേണ്ട കാര്യമില്ല.

'വളരെ മിതവാദപരമായ' നിലപാടുള്ള പരിഷ്കരണവാദികൾ പറയുന്നത് ഇതാണ്: മേഖലയിൽ പുരോഗമന ദേശീയതയുള്ള, ഭാവി സാധ്യതകളുള്ള രണ്ട് രാഷ്ട്രങ്ങളേയുള്ളൂ, അത് ഇറാനും ഇസ്രയേലുമാണ്. അതിനാൽ ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ദൃഢീകരിക്കു

കയാണ് മേഖലയെ പിന്നാക്കാവസ്ഥയിൽനിന്ന് മോചിപ്പിക്കാനുള്ള പോംവഴി. ഇത്തരത്തിലുള്ള നിരവധി പഠനങ്ങൾ അടുത്ത കാലത്ത് പുറത്തിറങ്ങിയിട്ടുണ്ട്.

നാല്, ഈ പശ്ചാത്തല വിവരണത്തിൽനിന്നു തന്നെ പരിഷ്കരണവാദികളുടെ പ്രക്ഷോഭങ്ങളോട് ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, അമേരിക്ക (ഇസ്രയേലിന്റെ കാര്യം പറയാനുമില്ല) തുടങ്ങിയ രാഷ്ട്രങ്ങൾ കാണിക്കുന്ന അമിതതാൽപര്യത്തിന്റെ കാരണങ്ങൾ ഊഹിക്കാം. പാശ്ചാത്യരുടെ കാപട്യത്തിന്റെ മുഖംമൂടിയാണ് ഇവിടെ അഴിഞ്ഞുവീഴുന്നത്. തങ്ങളുടെ സഖ്യ കക്ഷിയായ ഒരു അറബ് രാഷ്ട്രം എന്തൊക്കെ തരത്തിലുള്ള കൃത്രിമം കാണിച്ചാലും മേൽപറഞ്ഞ ജനാധിപത്യത്തിന്റെ കാവൽതമ്പുരാക്കൾ കമാ എന്ന് മിണ്ടില്ല.

മറുവശത്ത് പാശ്ചാത്യ മീഡിയ ഇറാനികളുടെ രോഷവും അരിശവും പതപ്പിച്ചുയർത്തുന്നതിന് സകല അടവുകളും പുറത്തെടുക്കുകയാണ്. *ബി.ബി.സി* പാഴ്സി ഭാഷയിലുള്ള തങ്ങളുടെ വാർത്താ പ്രക്ഷേപണം ഇറാന്റെ സകല ഭാഗങ്ങളിലും എത്തിക്കുന്നതിനായി രണ്ട് സാറ്റലൈറ്റുകളുടെ കൂടി സേവനം ലഭ്യമാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പ്രക്ഷോഭങ്ങളുടെ ചിത്രങ്ങൾ ലോകം മുഴുക്കെ എത്തിക്കുന്നതിന് ഗൂഗ്ൾ എർത്തിന്റെ സഹായവും *ബി.ബി.സി* തേടി. ഇറാൻ പ്രക്ഷോഭകരുടെ അഭിപ്രായങ്ങൾ പാഴ്സിയിൽനിന്ന് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റി ഗൂഗ്ൾ സെർച്ചിലൂടെ വ്യാപകമായി പ്രചരിപ്പിക്കാനും സംവിധാനമുണ്ടാക്കി. ഇന്റർനെറ്റ് കൂട്ടായ്മയായ 'ട്വിറ്ററി' (Twitter)ന് ഇറാനികൾക്ക് ആശയവിനിമയത്തിനുള്ള എല്ലാവിധ സൗകര്യവുമൊരുക്കി കൊടുക്കണമെന്ന് അമേരിക്കൻ വിദേശകാര്യ വകുപ്പ് ഇമെയിൽ സന്ദേശമയക്കുകയും ചെയ്തിരുന്നു. മൊബൈൽ എസ്.എം.എസിന് ഇറാൻ ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്തിയതിനോടുള്ള പ്രതികരണമായിരുന്നു ഇത്.

ഇറാനിലെ സംഭവവികാസങ്ങളെ പാശ്ചാത്യലോകം വെറുതെ നോക്കിക്കാണുകയല്ല എന്നാണ് പറഞ്ഞുവരുന്നത്. അവർ ശരിക്കും ഇറങ്ങിക്കളിക്കുക തന്നെയാണ്. മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള ഒരു ഇടപെടലാണിത്. അതിനെ നമുക്ക് ഇലക്ട്രോണിക് ഇടപെടൽ എന്നു വിളിക്കാം. നവീന സാങ്കേതികവിദ്യയുടെ എല്ലാവിധ സാധ്യതകളും ഉപയോഗിച്ച് ഒരു നാടിനെ എങ്ങനെ കുട്ടിച്ചോറാക്കാം എന്നതിന്റെ മാതൃക. ■

# സർക്കോസിയും മുല്ലാ ഉമറും ഒരേ തൂവൽ പക്ഷികൾ

**താലിബാന്റെ** ആത്മീയ നേതാവ് മുല്ലാ ഉമറിന്റെയും ഫ്രഞ്ച് പ്രസിഡന്റ് നിക്കളോ സർക്കോസിയുടെയും കാഴ്ചപ്പാടുകൾ തമ്മിൽ നല്ല ആശയപ്പൊരുത്തമുണ്ടെന്ന് ഞാൻ കരുതുന്നു. ഒന്നാമത്തെയാൾ അഫ്ഗാനിലെ സ്ത്രീകൾ നിഖാബ് (മുഖം ഉൾപ്പെടെ മൂടുന്ന സ്ത്രീകളുടെ വസ്ത്രധാരണം) ധരിച്ചേ തീരൂ എന്ന് ശഠിക്കുന്നു. രണ്ടാമത്തെയാൾ ഫ്രാൻസിൽ മുസ്‌ലിം സ്ത്രീകൾ നിഖാബ് ധരിക്കരുതെന്നും ശഠിക്കുന്നു. രണ്ടു പേരും നിർബന്ധത്തിന്റെയും ബലാൽക്കാരത്തിന്റെയും ഭാഷയിലാണ് സംസാരിക്കുന്നത്. മുസ്‌ലിം സ്ത്രീകൾ മുഖം മറയ്ക്കണമെന്ന് മുല്ലാ ഉമർ നിർബന്ധിക്കുമ്പോൾ, മുഖം തുറന്നിടാൻ നിർബന്ധിക്കുകയാണ് സർക്കോസി. സൂക്ഷ്മ വായനയിൽ ഇരുവരും വളരെ കുടുുസ്സായ ചിന്താഗതിക്കാരും ചിന്താചക്രവാളം തീരെ വികസിക്കാത്തവരുമാണ്.

മുല്ലാ ഉമറിനെക്കുറിച്ച് പ്രത്യേകിച്ചൊന്നും പറഞ്ഞ് സ്ഥാപിക്കേണ്ടതില്ല. ആക്ഷേപശകാരങ്ങളുടെ കുത്തക അദ്ദേഹം ഏറ്റുവാങ്ങിയത് പോലെയുണ്ട്. അഫ്ഗാനിസ്താന് പുറത്ത് ഒരാൾക്കും അദ്ദേഹത്തെക്കുറിച്ച് നല്ലൊരു വാക്ക് പറയാനില്ല. ഫ്രഞ്ച് പ്രസിഡന്റിന്റെ പ്രസ്താവനയെക്കുറിച്ചാണ് കാര്യഗൗരവത്തോടെ പഠിക്കേണ്ടത്. കഴിഞ്ഞ ജൂൺ 22ന് സർക്കോസി ഫ്രഞ്ച് പാർലമെന്റിനെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽ നിഖാബിനെ അതിരൂക്ഷമായ ഭാഷയിലാണ് അധിക്ഷേപിച്ചത്. അടിമത്തത്തിന്റെയും ജീർണതയുടെയും അംശമാണ് നിഖാബ് എന്നായിരുന്നു സർക്കോസി ഭാഷ്യം. ഫ്രഞ്ച് നഗരങ്ങളിൽ മുസ്‌ലിം സ്ത്രീകൾ നിഖാബ് ധരിച്ച് നടക്കുന്നതിനെതിരെ ഒരു സംഘം പാർലമെന്റ് അംഗങ്ങൾ നടത്തുന്ന പ്രതിഷേധ പരിപാടികളോട് പ്രതികരിച്ചുകൊണ്ടായിരുന്നു ഫ്രഞ്ച് പ്രസിഡന്റിന്റെ കമന്റ്. ഇവരുടെ വീക്ഷണത്തിൽ നിഖാബ് സെക്യുലരിസത്തിനും ജനാധിപത്യ വ്യവസ്ഥക്കുതന്നെയും ഭീഷണിയാണ്. ഈ തീവ്രവാദികളെല്ലാം ചേർന്നാണ് 2004-ൽ ഫ്രഞ്ച് സ്കൂളുകളിൽ ഹിജാബ് നിയമവിരുദ്ധമാക്കിയത്. ഹിജാബ് എന്ന മതചിഹ്നം സെക്യുലരിസത്തിന് ഭീഷണിയാണ് എന്നാണ് അന്നും അവർ പറഞ്ഞിരുന്നത്. ആറ് മില്യൻ വരുന്ന ഫ്രഞ്ച് മുസ്‌ലിംകളിൽ നിഖാബ് ധരിച്ച സ്ത്രീകൾ എത്രയുണ്ടെന്ന് അറിഞ്ഞുകൂടാ. അവർ പൊതുവെ എണ്ണത്തിൽ വളരെ കുറവാണെന്നാണ് പത്രറിപ്പോർട്ടുകളിൽനിന്ന് മനസ്സിലാവുന്നത്. എന്നിട്ടും പാർലമെന്റേറിയന്മാരുടെ ഈറ പെരുത്ത് കയറുകയാണ്. അഞ്ചു വർഷം മുമ്പ് സ്കൂളുകളിൽ ഹിജാബ് നിരോധിച്ച പോലെ, പൊതുസ്ഥലങ്ങളിൽ നിഖാബും നിരോധിച്ചേ അവർ അടങ്ങൂ.



■ സർക്കോസി



■ മുല്ലാ ഉമർ

ഏറ്റവുമധികം പൗരസ്വാതന്ത്ര്യമുണ്ട് എന്ന് കരുതപ്പെടുന്ന ഒരു രാജ്യത്ത് നിന്നും ഉയരുന്ന ഇത്തരം തീവ്രനിലപാടുകൾ ആരെയും അമ്പരപ്പിക്കാതിരിക്കില്ല. തോന്നുന്ന പോലെയൊക്കെ തുണിയുരിയാൻ സ്ത്രീക്ക് അനുവാദം നൽകുന്ന ഒരു നിയമവ്യവസ്ഥ, സ്ത്രീകൾ മുഖം മറയ്ക്കുന്നതിൽ ഇത്ര അസഹിഷ്ണുത കാണിക്കുന്നത് എന്തിന് എന്നാണ് മനസ്സിലാവാത്തത്.

ഞാൻ നിഖാബിന് വേണ്ടി വാദിക്കുന്ന ആളല്ല. അത് ആഴത്തിൽ ബന്ധപ്പെട്ടുനിൽക്കുന്നത് പൗരസ്ത്യ ആചാരങ്ങളുമായിട്ടാണ്, ഇസ്‌ലാമികാധ്യാപനങ്ങളുമായിട്ടല്ല എന്നാണ് എന്റെ വാദം. വടക്കനാഫ്രിക്കയിലെ ചില നാടുകളിലും (പ്രത്യേകിച്ച് അൾജീരിയ, മൊറോക്കോ) ഗൾഫ് നാടുകളിലും ചില ഏഷ്യൻ രാജ്യങ്ങളിലും (അഫ്ഗാൻ, പാകിസ്താൻ ഉദാഹരണം) സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ഈ വേഷവിധാനം സ്വീകരിക്കാറുണ്ട്. അതിനാൽ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും അപരന്റെ ആചാരത്തെ ആദരിക്കുക എന്നതിന്റെയും അടിസ്ഥാനത്തിലാണ് ഞാൻ നിഖാബിന് വേണ്ടി വാദിക്കുന്നത്. അല്ലാതെ ചിലർ മനസ്സിലാക്കുന്നതുപോലെ, അത് ഒരു മതബാധ്യത ആണെന്ന് വിശ്വസിക്കുന്നതുകൊണ്ടല്ല.

**ഏറ്റവുമധികം പൗരസ്വാതന്ത്ര്യമുണ്ട് എന്ന് കരുതപ്പെടുന്ന ഒരു രാജ്യത്ത് നിന്നും ഉയരുന്ന ഇത്തരം തീവ്രനിലപാടുകൾ ആരെയും അമ്പരപ്പിക്കാതിരിക്കില്ല. തോന്നുന്ന പോലെയൊക്കെ തുണിയുരിയാൻ സ്ത്രീക്ക് അനുവാദം നൽകുന്ന ഒരു നിയമവ്യവസ്ഥ, സ്ത്രീകൾ മുഖം മറയ്ക്കുന്നതിൽ ഇത്ര അസഹിഷ്ണുത കാണിക്കുന്നത് എന്തിന് എന്നാണ് മനസ്സിലാവാത്തത്.**

സൂക്ഷ്മമായി പഠിച്ചാൽ, സെക്യുലരിസത്തെ രക്ഷിക്കാനാണ് ഇതൊക്കെ ചെയ്യുന്നത് എന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ലെന്ന് കാണാം. ഇംഗ്ലണ്ട് ഒരു സെക്യുലർ രാഷ്ട്രമാണ്. അതുപോലെ ഇറ്റലിയും ജർമനിയും അമേരിക്കയും സെക്യുലർ രാഷ്ട്രങ്ങളാണ്. അവിടെയൊന്നും നിഖാബ് നിരോധിക്കാത്തതുകൊണ്ട് സെക്യുലരിസത്തിന് യാതൊരു കുറവും വന്നിട്ടില്ലല്ലോ. എന്റെ അഭിപ്രായത്തിൽ, ഫ്രാൻസിൽ മാത്രം ഇതൊരു പ്രശ്നമാകുന്നതിന് രണ്ട് മൗലിക കാരണങ്ങളുണ്ട്.

ഒന്ന്, പരമ്പരാഗതമായി തന്നെ ഫ്രഞ്ചുകാർ സാംസ്കാരിക വൈവിധ്യത്തെ അംഗീകരിക്കാൻ കൂട്ടാക്കാത്തവരാണ്. അതേസമയം രാഷ്ട്രീയ ബഹുസ്വരതക്ക് വേണ്ടി അവർ നിരന്തരം പോരാടുകയും ചെയ്യും. ഈ ഇടുങ്ങിയ ചിന്താഗതി അപരനെ ലയിപ്പിച്ചേ അടങ്ങൂ എന്ന വാശിയിൽ അവരെ കൊണ്ടെത്തിക്കുന്നു. ഫ്രഞ്ച് പൗരത്വമെന്ന 'മഹത്വം' സ്വന്തമാക്കണമെങ്കിൽ ഒരാൾ തന്റെ സ്വത്വം കൈയൊഴിക്കണമെന്ന് അവർ ഉപാധിവെക്കുന്നു.

രണ്ടാമത്തെ കാരണം ഫ്രഞ്ച് സെക്യുലരിസവുമായി ബന്ധപ്പെട്ടതാണ്. മതവുമായി ബന്ധപ്പെട്ട സകലതിനോടും കടുത്ത ശത്രുത പുലർത്തുന്നതാണ് ഫ്രഞ്ച് സെക്യുലരിസം. ഇങ്ങനെയല്ല ബ്രിട്ടീഷ് സെക്യുലരിസം. ബ്രിട്ടനിൽ അത് മതവുമായി സന്ധി ചെയ്യുകയും സഹവർത്തിക്കുകയും ചെയ്യുന്നു (ആംഗ്ലിക്കൻ ചർച്ചിന്റെ അധ്യക്ഷ രാജ്ഞിയാണല്ലോ). ഇതിന്റെ അർഥം സെക്യുലരിസ്റ്റുകളിൽ തന്നെ തീവ്രവാദികളും മിതവാദികളും ഉണ്ടെന്നാണ്. അതിനാൽ ഒരാൾ താൻ സെക്യുലരിസ്റ്റാണ് എന്ന് പറഞ്ഞാൽ മാത്രം കാര്യങ്ങൾ തിരിഞ്ഞുകിട്ടുകയില്ല. ഏതുതരം സെക്യുലരിസ്റ്റ് എന്ന് നാം അന്വേഷിക്കണം. ചില സംജ്ഞകൾ നമ്മെ വഴിതെറ്റിക്കുന്നവയാണ്. ■

(പ്രശസ്ത അറബ് കോളമിസ്റ്റാണ് ലേഖകൻ)